# കേരള സർവകലാശാല

നം.പി.ആർ.100/2019 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം 2019-20
### കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്ട്സ് ക്വാട്ട പ്രവേശനം

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും, യു.ഐ.ടി, ഐ.എച്ച്.ആർ.ഡി കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള 2019-20 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. അവസാന തീയതി ജൂൺ 3. കൂടുതൽ വിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്ട്സ് ക്വാട്ട പ്രവേശനങ്ങൾ ഓൺലൈനായിട്ടാണ് നടത്തുന്നത്. കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതില്ല. സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയിലെ സ്പോർട്ട്സ് കോളത്തിന് നേരെ 'യെസ് ' എന്ന് രേഖപ്പെടുത്തണം. സ്പോർട്ട്സ് ഇനം, ഏതു തലത്തിലെ നേട്ടമാണ് എന്നിവ സെലക്ട് ചെയ്തിരിക്കണം. സ്പോർട്ട്സ് നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യുവാനും കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് അപേക്ഷിക്കുവാനും ഉള്ള വിശാദാംശങ്ങൾ പിന്നീട് നൽകുന്നതാണ്.

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴി മാത്രം അടയ്ക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.

(പ്രത്യേക കുറിപ്പ് : എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

## ടൈംടേബിൾ

2019 മേയ്, ജൂണിൽ നടക്കുന്ന ഒന്നും രണ്ടും വർഷ ബി.ബി.എ (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) ഡിഗ്രി പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ. തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ഗവ.ആർട്സ് കോളേജ് തിരുവനന്തപുരത്തു നിന്നും കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ടി.കെ.എം കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് കൊല്ലത്തു നിന്നും ആലപ്പുഴ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ സെന്റ് മൈക്കിൾസ് കോളേജ് ചേർത്തലയിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അതത് പരീക്ഷാകേന്ദ്രങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്.

2019 മേയ് 31 മുതൽ ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ (പിജിഡിഇസി) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 മേയിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (രണ്ട് വർഷം – ബി.പി.എഡ്) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

2019 മേയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.സി.റ്റി) യുടെ പ്രാക്ടിക്കൽ മേയ് 20 മുതൽ 24 വരെ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷ മാറ്റി

2019 മേയ് 20 ന് നടത്താനിരുന്ന കമ്പൈൻഡ് ഒന്നും രണ്ടും സെമസ്റ്റർ ബി.ടെക് (2013 സ്കീം) ഡിഗ്രി പരീക്ഷയുടെ 'എഞ്ചിനീയറിംഗ് കെമിസ്ട്രി' എന്ന പേപ്പർ മാറ്റിവെച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## ഇന്റേണൽ മാർക്ക്

എം.എ ഇക്കണോമിക്സ് (2017–19 ബാച്ച്) ഒന്നും രണ്ടും സെമസ്റ്റർ ഇന്റേണൽ മാർക്കുകൾ പ്രസിദ്ധീകരിച്ചു. പരാതികൾ 15 ദിവസത്തിനകം കോ-ഓർഡിനേറ്റർക്കു സമർപ്പിക്കേണ്ടതാണ്.

## മാർക്ക്‌ലിസ്റ്റുകൾ കൈപ്പറ്റാം

വിദൂര വിദ്യാഭ്യാസ കേന്ദ്രം 2019 ജനുവരി – ഫെബ്രുവരി മാസങ്ങളിൽ നടത്തിയ എം.എ അറബിക് ഫൈനൽ സപ്ലിമെന്ററി പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ വിദ്യാർത്ഥികൾ ഹാൾടിക്കറ്റ് ഹാജരാക്കി ഇ.ജി പത്ത് സെക്ഷനിൽ നിന്ന് കൈപ്പറ്റേണ്ടതാണ്.

## പരീക്ഷാഫീസ്

2019 ജൂണിൽ ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) റെഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ മേയ് 21 വരെയും 50 രൂപ പിഴയോടെ മേയ് 23 വരെയും 125 രൂപ പിഴയോടെ മേയ് 25 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 മേയിൽ നടക്കുന്ന രണ്ടാം സെമസ്റ്റർ ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ് ബി.എ/ബി.എസ്.സി/ബി.കോം ഡിഗ്രി ഇംപ്രൂവ്മെന്റ് 2017 അഡ്മിഷൻ, സപ്ലിമെന്ററി 2013, 2014, 2015 & 2016 അഡ്മിഷൻ പരീക്ഷകൾക്ക് പിഴ കൂടാതെ മേയ് 16 വരെയും 50 രൂപ പിഴയോടെ മേയ് 17 വരെയും 125 രൂപ പിഴയോടെ മേയ് 18 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
13-05-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098